LIBRARY ARCHIVES Kerala Legislative Assembly

ക്ഷീരകർഷകർക്ക് നൽകുന്ന പ്രോത്സാഹന സഹായ പദ്ധതികൾ

62 (1533) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക് നൽകുന്ന പ്രോത്സാഹന സഹായ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഒരു ദിവസം ഉദ്പാദിപ്പിക്കപ്പെടുന്ന പാൽ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) സംസ്ഥാനത്തിനാവശ്യമായ പാൽ ഇവിടെ തന്നെ ഉദ്പാദിപ്പിക്കാനും സ്വയം പര്യാപ്തത വരുത്തുവാനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) പാലുല്പാദനം വർദ്ധിപ്പിക്കുക, കൂടുതൽ കർഷകരെ ക്ഷീരമേഖലയിലേയ്ക്ക് ആകർഷിക്കുക, നിലനില്പിനുള്ള തൊഴിലായി ക്ഷീരവികസനത്തെ നിലനിർത്തുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് യുവസംരംഭകരെ ക്ഷീരമേഖലയിലേക്ക് ആകർഷിക്കുക തുടങ്ങിയവ ലക്ഷ്യമിട്ട് മിൽക്ക് ഷെഡ് ഡലവപ്മെന്റ് പദ്ധതി, കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതി, പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായ പദ്ധതികൾ, ഗ്രാമീണ ക്ഷീരവിജ്ഞാന വ്യാപനവും ഉപദേശക സേവനവും എന്നിങ്ങനെയുള്ള പദ്ധതികൾ ക്ഷീര വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. ക്ഷീര കർഷക ക്ഷേമനിധി ബോർഡ് കർഷകർക്ക് പെൻഷനും വിവിധ ആവശ്യങ്ങൾക്കായി ധനസഹായവും നൽകി വരുന്നുണ്ട്. കൂടാതെ, മിൽമ മേഖലാ യൂണിയനുകളിലൂടെ സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും പശുക്കളെ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പ സൗകര്യം, കർഷകരുടെ മക്കൾക്ക് സ്കോളർഷിപ്പ് നൽകൽ, ക്ഷീരകർഷരെയും കുടുംബാംഗങ്ങളെയും ഇൻഷ്വറൻസ് പരിരക്ഷയുടെ കീഴിൽ കൊണ്ടുവരിക, കറവയന്ത്രങ്ങൾ വാങ്ങുന്നതിനുള്ള സഹായം നൽകൽ, കാലിത്തൊഴുത്ത് നിർമ്മാണം, കാലിത്തീറ്റ സബ്സിഡി, റബ്ബർമാറ്റ് വാങ്ങൽ മുതലായവയ്ക്കുള്ള ധനസഹായം നൽകൽ തുടങ്ങിയ പ്രോത്സാഹന സഹായ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ക്ഷീരസഹകരണ സംഘങ്ങൾ മുഖാന്തരം ശേഖരിക്കുന്ന പാൽ ശരാശരി ഒരു ദിവസം 15 ലക്ഷം ലിറ്ററാണ്. ആയതിനാനുപാതികമായി സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന പാൽ 75 ലക്ഷം ലിറ്റർ എന്ന് കണക്കാക്കാവുന്നതാണ് (ഉല്പാദനത്തിന്റെ അഞ്ചിലൊന്ന് ഭാഗം സഹകരണ മേഖലയിൽ സംഭരിക്കപ്പെടുന്നു എന്ന് കണക്കാക്കി).

(സി) ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിലേക്കുമായി ക്ഷീര വികസന വകുപ്പ് നടപ്പിൽവരുത്തുന്ന ഒരു പദ്ധതിയാണ് മിൽക്ക് ഷെഡ് വികസന പദ്ധതി. ഈ പദ്ധതി മുഖാന്തരം ക്ഷീരമേഖലയിൽ പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കന്നുകാലികളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി തെരഞ്ഞെടുക്കപ്പെട്ട ക്ഷീര കർഷകർക്ക്, ഒരു പശു, 2 പശു, 5 പശു, 10 പശു, 10 കിടാരി ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം നൽകുന്നു. സംസ്ഥാനത്ത് പാലിന്റെ ഉല്പാദനത്തിലും കാലികളുടെ എണ്ണത്തിലും വർദ്ധനവുണ്ടാക്കാനായി ഉരുക്കളെ മറ്റു സംസ്ഥാനങ്ങളിൽ നിന്നുമാണ് വാങ്ങുന്നത്. സംസ്ഥാനത്തിനകത്ത് പാലുല്പാദനം ഭാവിയിൽ വർദ്ധിപ്പിക്കുന്നതിനായിട്ടാണ് കിടാരി യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നത്. ഇവയ്ക്ക് പുറമേ നിലവിൽ ഈ മേഖലയിലുള്ള കർഷകരെ സഹായിക്കുന്നതിനായി തീറ്റപ്പുൽകൃഷി ചെയ്യുവാനും കാലിത്തീറ്റ സബ്സിഡിയായും പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നു. കൂടാതെ, സമഗ്ര ക്ഷീരവികസന പദ്ധതി മുഖാന്തരം ഇടുക്കി, എറണാകുളം, കണ്ണൂർ ജില്ലകളിൽ ഈ പദ്ധതി കൂടുതൽ ഫലപ്രദമായി നടത്തിവരുന്നു. സഹകരണ മേഖലയിലെ പാൽ ഉല്പാദന സംഭരണ വിപണന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സംഘങ്ങൾക്ക് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകുന്നു. വിവിധ പദ്ധതി ഘടകങ്ങളും നടപ്പിലാക്കിവരുന്നു.

പാലുല്പാദന വർദ്ധനവിനുവേണ്ടി മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ, മിനി ഡയറി പദ്ധതി, പശുക്കളെയും കിടാരികളെയും വാങ്ങിക്കുന്നതിനുള്ള സഹായം, തൊഴുത്ത് പണിയുന്നതിന് സാമ്പത്തിക സഹായം, കറവയന്ത്രം വാങ്ങുന്നതിന് സാമ്പത്തിക സഹായം, പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ക്യാമ്പുകൾ, കർഷകർക്കും കറവക്കാർക്കും സൊസൈറ്റി സ്റ്റാഫുകൾക്കുമുള്ള ട്രെയിനിംഗ്, ഉല്പാദന വർദ്ധനവിനും കാലികളുടെ ആരോഗ്യ സംരക്ഷണത്തിനും വേണ്ട വിരമരുന്നും മറ്റ് ഉല്പന്നങ്ങളും നൽകുക, കാലിത്തീറ്റയ്ക്കുള്ള സബ്സിഡി എന്നിവയും എറണാകുളം മേഖലാ യൂണിയൻ കാലിത്തീറ്റ ഇൻസെന്റീവ്, പശുക്കളെയും കിടാരികളെയും വാങ്ങിക്കുന്നതിനുള്ള സഹായം, ഫാമുകൾക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി, റബ്ബർ മാറ്റ്, വയ്ക്കോൽ, പ്രഷർ വാഷർ തുടങ്ങിയവ വാങ്ങുന്നതിന് സബ്സിഡി എന്നിവയും മലബാർ മേഖലാ യൂണിയൻ സമീകൃത കാലിത്തീറ്റ, വയ്ക്കോൽ, പച്ചപ്പുല്ല്, ബദൽ തീറ്റവിതരണം, ഫാം സപ്പോർട്ട് പദ്ധതിയിൽ സബ്സിഡിയോടെ ഫാം ഉപകരണങ്ങൾ, കിടാരി പരിപാലന പരിപാടി, ഗ്രാമപ്രദേശങ്ങളിൽ കൃത്രിമ ബീജദാന സംവിധാനം, പശുക്കളെ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പ സൗകര്യം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly